**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4197** — **09-08-2021 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.എസ്.ടി തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എച്ച്.എസ്.എസ്.ടി തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിന് പി.എസ്.സി-യെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചതിനുശേഷം ഇക്കാര്യത്തിനായി പി.എസ്.സി-യിലേക്ക് റിപ്പോർട്ട് ചെയ്തിരുന്ന വേക്കൻസികൾ തിരികെ വിളിച്ച സീനിയോറിറ്റി അനുസരിച്ച് പ്രമോഷൻ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | 01/12/2015 ലെ സ.ഉ(കൈ) നമ്പർ 296/2015/ പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എച്ച്.എസ്.എസ്.റ്റി / എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയിലേയ്ക്കുള്ള ബൈ ട്രാൻസ്ഫർ നിയമനം 70:20:5:5 എന്ന അനുപാതത്തിൽ എച്ച്.എസ്.എ,യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർസെക്കന്ററി വിഭാഗം), ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിലേയ്ക്കായി നിജപ്പെടുത്തുകയും പ്രസ്തുത നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ ഹയർസെക്കന്ററി സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിന് കാലതാമസം നേരിടുന്നതിനാൽ അക്കാദമിക് താൽപര്യം കണക്കിലെടുത്ത് ബൈ ട്രാൻസ്ഫർ നിയമനം സീനിയോരിറ്റി അടിസ്ഥാനമാക്കി പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന നടത്തുന്നതിന് 30/01/2021 ലെ സ.ഉ. (അച്ചടി)നമ്പർ 2/2021/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചുവെങ്കിലും OA(EKM) 41/2016 നമ്പർ കേസിൻമേലുള്ള 1.2.2021 ലെ ബഹു.ഹൈകോടതി ഉത്തരവിൽ 1.12.2015 ലെ സ.ഉ(കൈ) നമ്പർ 296/2015/പൊ.വി.വ ഉത്തരവ് കോടതി set aside ചെയ്തിട്ടുണ്ട്. 30/1/2021 – ലെ സ.ഉ(പി) 2/2021/പൊ.വി.വ - ൽ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ തിരികെ എടുത്തു നികത്തണമെന്ന് ഉത്തരവു നൽകിയിട്ടില്ല. 28.12.2020 ന ശേഷം സംജാതമാകുന്ന ഒഴിവുകൾ PSC ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. |
| (ബി) | പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ഇപ്രകാരം തിരിച്ചെടുക്കുന്നത് ഏത് | (ബി) | 01/12/2015 ലെ സ.ഉ(കൈ) നമ്പർ 296/2015/ പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം |

| | | | |
|---|---|---|---|
| | ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കുമോ? | | എച്ച്.എസ്.എസ്.റ്റി / എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയിലേയ്ക്കുള്ള ബൈ ട്രാൻസ്ഫർ നിയമനം 70:20:5:5 എന്ന അനുപാതത്തിൽ എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർസെക്കന്ററി വിഭാഗം), ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിലേയ്ക്കായി നിജപ്പെടുത്തുകയും പ്രസ്തുത നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ ഹയർസെക്കന്ററി സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിന് കാലതാമസം നേരിടുന്നതിനാൽ അക്കാദമിക് താൽപര്യം കണക്കിലെടുത്ത് ബൈ ട്രാൻസ്ഫർ നിയമനം സീനിയോരിറ്റി അടിസ്ഥാനമാക്കി പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന നടത്തുന്നതിന് 30/01/2021 ലെ സ.ഉ.(അച്ചടി)നമ്പർ 2/2021/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചുവെങ്കിലും OA(EKM) 41/2016 നമ്പർ കേസിൻമേലുള്ള 1.2.2021 ലെ ബഹു.ഹൈകോടതി ഉത്തരവിൽ 1.12.2015 ലെ സ.ഉ(കൈ) നമ്പർ 296/2015/പൊ.വി.വ ഉത്തരവ് കോടതി set aside ചെയ്തിട്ടുണ്ട്. 30/1/2021 – ലെ സ.ഉ(പി) 2/2021/പൊ.വി.വ - ൽ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ തിരികെ എടുത്തു നികത്തണമെന്ന് ഉത്തരവ്വ നൽകിയിട്ടില്ല. 28.12.2020 ന ശേഷം സംജാതമാകുന്ന ഒഴിവുകൾ PSC ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ